അങ്ങാടിപ്പുറം എഫ്.സി.ഐ. ഡിപ്പോ

66 [384] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്ങാടിപ്പുറം എഫ്.സി.ഐ. ഡിപ്പോയിൽ നിന്ന് മലപ്പുറം ജില്ലയിലേക്കുള്ള ഭക്ഷ്യസാധനങ്ങൾ എത്തുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ജില്ലയിൽ ഭക്ഷ്യസാധനങ്ങൾ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇപ്പോൾ ജില്ലയിലേക്ക് ഭക്ഷ്യസാധനങ്ങൾ എവിടെനിന്നാണ് എത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 40 വാഗൺ പ്ലേസ്മെന്റ് കപ്പാസിറ്റി അങ്ങാടിപ്പുറം എഫ്.സി.ഐ. ഗോഡൗണിൽ ഇല്ലാത്തതു കാരണം റെയിൽവേ അങ്ങാടിപ്പുറം എഫ്.സി.ഐ. ഗോഡൗണിൽ ഭക്ഷ്യസാധനങ്ങൾ യഥാസമയത്ത്. ആവശ്യാനുസരണം എത്തിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) അങ്ങാടിപ്പുറം എഫ്.സി.ഐ.-യിൽ നിന്നും റേഷൻ സാധനങ്ങൾ എടുത്തിരുന്ന റേഷൻ മൊത്ത വ്യാപാരികൾക്ക് എഫ്.സി.ഐ. കോഴിക്കോട് ഡിപ്പോയിൽ നിന്നും റേഷൻ സാധനങ്ങൾ വിതരണം ചെയ്തുവരുന്നു. ഇതിനാവശ്യമായ അധിക ചെലവ് എഫ്.സി.ഐ. റേഷൻ മൊത്ത വ്യാപാരികൾക്ക് അനുവദിച്ച് നൽകുന്നതാണ്.

(ഇ) ഇപ്പോൾ അങ്ങാടിപ്പുറം എഫ്.സി.ഐ. ഡിപ്പോയിൽ ബന്ധിപ്പിച്ചിരുന്ന എറനാട്, പെരിന്തൽമണ്ണ, നിലമ്പൂർ താലൂക്കുകളിലെ മൊത്ത വ്യാപാരികൾ കോഴിക്കോട് എഫ്.സി.ഐ. ഡിപ്പോയിൽ നിന്നും തിരൂർ, പൊന്നാനി, തിരൂരങ്ങാടി താലൂക്കുകളിലെ മൊത്ത വ്യാപാരികൾ കുറ്റിപ്പുറം എഫ്.സി.ഐ. ഡിപ്പോയിൽ നിന്നുമാണ് ഭക്ഷ്യസാധനങ്ങൾ എടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly